Draft #2 of File Ac.AV/1/949/DLLE/2019/Academic Approved by ASSISTANT REGISTRAR III (ACADEMIC) on 07-Aug-2020 01:29 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ (DLLE) - ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പ്രവേശന യോഗ്യതയിൽ ഇളവ് വരുത്തിക്കൊണ്ട് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 3596/AC A 5/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.08.2020

---

*പരാമർശം:*-1 .ഉത്തരവ് നം . 1472/ACA5/2019/എം ജി യു തിയതി : 05/04/2019

2. ഡിപ്പാർട്ടമെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ നടത്തുന്ന ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പ്രവേശന യോഗ്യതയിൽ ഇളവ് വരുത്തണമെന്നാവശ്യപ്പെട്ട് വകുപ്പ് മേധാവി(ഇൻ ചാർജ് ) സമർപ്പിച്ച കത്ത്, തിയതി 16 /07 /2020 .

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് & എക്സ്റ്റൻഷനിൽ നടത്തുന്ന ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പ്രവേശന യോഗ്യത പത്താം ക്ലാസ്സും, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് & എക്സ്റ്റൻഷനിൽ നടത്തുന്ന ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം എന്നതുമാണ്.

എന്നാൽ, ഓർഗാനിക് ഫാമിംഗ് എന്ന കോഴ്സ് അതിന്റെ ആനുകാലിക പ്രാധാന്യം കണക്കിലെടുത്തു കൊണ്ടും പൂർണമായും കൃഷിയിൽ തല്പരരായവർക്കും കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വേണ്ടി രൂപപ്പെടുത്തിയിട്ടുള്ളതിനാലും എഴുത്തും വായനയും അറിഞ്ഞിരിക്കണം എന്ന് മാത്രമേ നിഷ്കർഷിക്കപ്പെട്ടിട്ടുള്ളൂ എന്നും, കൂടാതെ പ്രസ്തുത പഠനവകുപ്പിൽ നോൺ ഫോർമൽ രീതിയിലുള്ള പഠന സമ്പ്രദായം പിന്തുടർന്ന് പോരുന്നതിനാലും സർട്ടിഫിക്കറ്റ് കോഴ്സിൽ വിജയിച്ച എല്ലാവർക്കും തുടർപഠനം സാധ്യമാക്കുന്നതിനും, ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിനു പ്രവേശനം നേടുന്നതിനുള്ള മാനദണ്ഡം സർവകലാശാല നടത്തുന്ന ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലുള്ള വിജയമായി നിശ്ചയിക്കണമെന്നു പരാമർശം (2) പ്രകാരം വകുപ്പ് മേധാവി ആവശ്യപ്പെട്ടിരിക്കുന്നു.

വകുപ്പുമേധാവിയുടെ ശുപാർശ അംഗീകരിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പമേധാവി , DLLE
2. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി എസ്
3. രജിസ്ട്രാർ /പരീക്ഷ കൺട്രോളർ -എന്നിവരുടെ പി എ
4. JR II(Admin)/DR II(Acad)/ARIII(Acad)
5. IQAC/Content Management /AcC sections

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File Ac.AV/1/949/DLLE/2019/Academic Approved by ASSISTANT REGISTRAR III (ACADEMIC) on 07-Aug-2020 01:29 PM - Page 2